**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3470** **15-02-2024 - ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികളെ നിരീക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സമീപ കാലത്തുണ്ടായ പല ക്രിമിനൽ സംഭവങ്ങളിലും അതിഥി തൊഴിലാളികൾ പ്രതിസ്ഥാനത്തു വന്ന സാഹചര്യത്തിൽ അവർക്ക് കൃത്യമായ തിരിച്ചറിയൽ കാർഡ് നിർബന്ധമാക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അതിഥി തൊഴിലാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും, സാമൂഹ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ബി) | അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലെ സൗകര്യങ്ങൾ പരിശോധിച്ച് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ സംസ്ഥാന വ്യാപകമായി സ്ക്വാഡ് പരിശോധനകൾ നടത്തുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് പ്രകാരവും 1979-ലെ ഇന്റർ സ്റ്റേറ്റ് വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്റ്റ് പ്രകാരവും സംസ്ഥാന വ്യാപകമായി തൊഴിൽ വകുപ്പ് പരിശോധന നടത്താറുണ്ട്. ടി പരിശോധനയിൽ ശോചനീയമായ താമസസൗകര്യത്തിൽ പാർത്തിരുന്ന അതിഥി തൊഴിലാളികളെ അവിടെ നിന്നും മാറ്റി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു നൽകുന്ന സ്ഥലങ്ങളിലേക്ക് മാറ്റി പാർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും നിലവിലെ ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങൾ കുറവ് കണ്ടെത്തിയ ഇടങ്ങളിൽ ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് തൊഴിലുടമകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു വരുന്നു.<br><br>കൂടാതെ അതിഥി തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വൃത്തിയുള്ളതും സുരക്ഷിതവുമായ താമസ സൗകര്യം നൽകുന്നതിനുള്ള പദ്ധതിയാണ് അപ്നാഘർ പദ്ധതി. |

ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത ശുചിത്വനിലവാരം ഉറപ്പുവരുത്തുന്നതിനായി ആരോഗ്യ വകുപ്പുമായി സഹകരിച്ച് എല്ലാ ജില്ലകളിലും മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും നടത്താറുണ്ട്. തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് മെമ്പർമാരുടെയും പൊതു പ്രവർത്തകരുടെയും വ്യാപാരി വ്യവസായി സംഘടനകളുടെയും സഹായത്തോടുകൂടി ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന/ തൊഴിലെടുക്കുന്ന മേഖലകൾ സന്ദർശിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ടി തൊഴിലാളികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. കൂടാതെ മയക്കുമരുന്ന് ഉപയോഗവും വ്യാപനവും നിയന്ത്രിക്കുന്നതിനുള്ള ലഹരി വിരുദ്ധ പ്രചരണങ്ങളുടെ ഭാഗമായി സംസ്ഥാന വ്യാപകമായി അതിഥി തൊഴിലാളികൾക്കിടയിലും തൊഴിൽ വകുപ്പ് കവച് 2022 എന്ന പേരിൽ ലഹരി ഉപയോഗങ്ങൾക്കെതിരെ വ്യാപകമായ ബോധവൽക്കരണം നടത്തിയിരുന്നു.

ഇതര സംസ്ഥാനങ്ങളിൽ നിന്നും മതിയായ രേഖകളില്ലാതെ കേരളത്തിൽ എത്തി ജോലി നോക്കുന്ന ക്രിമിനൽ പശ്ചാത്തലമുള്ള അതിഥി തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരെ കർശനമായി നിരീക്ഷിക്കുന്നതിനുമായി പോലീസ് ആസ്ഥാനത്ത് നിന്നും 13/2009 നമ്പർ എക്സിക്യൂട്ടീവ് ഡയറക്ടീവ് പ്രകാരം നിർദ്ദേശം നിലവിലുണ്ട്.

കൂടാതെ സംസ്ഥാനത്തുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ ഏറ്റവും പുതിയ കണക്കുകൾ ശേഖരിക്കുന്നതിലേയ്ക്കും അവ ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുന്നതിനും വേണ്ടി 08.08.2023-ൽ 374/camp/ADGP LO/2023 നമ്പർ പ്രകാരമുള്ള നിർദ്ദേശങ്ങൾ ADGP Law & Order ഓഫീസിൽ നിന്നും സോൺ ഐ.ജിമാർ, റേഞ്ച് ഡി.ഐ.ജി മാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശ പ്രകാരമുള്ള നടപടി ക്രമങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരികയുമാണ്.

ഇതര സംസ്ഥാന തൊഴിലാളികളുടെ പ്രവർത്തനങ്ങൾ രഹസ്യാന്വേഷണ വിഭാഗവും, ജനമൈത്രി പോലീസും, നിരന്തരം നിരീക്ഷിച്ചു വരുന്നതും, തൊഴിലാളികൾ താമസിക്കുന്ന

| | | | |
|---|---|---|---|
| | | | സ്ഥലങ്ങൾ സന്ദർശിക്കുമ്പോൾ അവരുടെ തിരിച്ചറിയൽ രേഖകൾ പരിശോധിക്കുകയും അവരുടെ ജീവിത സാഹചര്യവും, സാമൂഹ്യ പശ്ചാത്തലവും, വ്യക്തികളുടെ സ്വഭാവവും അന്വേഷിച്ചറിഞ്ഞ് വരുന്നുണ്ട്. അതിഥി തൊഴിലാളികളുടെ ഇടയിൽ മദ്യത്തിന്റെയും, മയക്കുമരുന്നിന്റെയും, വ്യാപനം വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇവ നിയന്ത്രിക്കുന്നതിനായി എയർപ്പോർട്ട്, റെയിൽവെ സ്റ്റേഷൻ, ബസ്സ്റ്റാന്റുകൾ എന്നിവിടങ്ങളിൽ പരിശോധന ശക്തമാക്കിയും മയക്കുമരുന്ന് ഉപയോഗവും, വ്യാപാരവും തടയുന്നതിന് സംസ്ഥാന തലത്തിൽ Anti-Narcotic Task Force (ANTF)-ഉം റേഞ്ച് അടിസ്ഥാനത്തിൽ NDPS Co-ordination Cell ഉം ജില്ലാ തലത്തിൽ District Anti-Narcotic Special Action Force (DANSAF) ടീമും പ്രവർത്തിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ